# വിദ്യാലയ ചരിത്രം

1879- ൽ കണ്ണാടിപ്പറമ്പ് എലിമെന്ററി സ്കൂൾ എന്ന പേരിൽ സ്ഥാപിതമായ ദേശസേവ യു.പി. സ്കൂൾ 1924-ൽ ചിറയ്ക്കൽ ദേശസേവ സംഘം ഏറ്റെടുത്തു. കാലാകാലങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന സംഘം പ്രസിഡണ്ടാണ് സ്കൂൾ മാനേജർ. ശ്രീ.എൻ ശ്രീകുമാറാണ് ഇപ്പോഴത്തെ മാനേജർ

നാറാത്ത്, കൊളച്ചേരി, ചേലേരി എന്നീ വില്ലേജുകളിൽ നിന്നായി ആയിരത്തോളം കുട്ടികൾ ഈ വിദ്യാലയത്തിൽ പഠനം നടത്തുന്നുണ്ട്. പ്രി പ്രൈമറി കുട്ടികൾക്കായി എൽ.കെ.ജി, യു.കെ.ജി ക്ലാസുകളും 1 മുതൽ 7 വരെ 26 ഇംഗ്ലീഷ്, മലയാളം മീഡിയങ്ങളിലായി 26 ക്ലാസുകളും അഞ്ച് സ്മാർട്ട് ക്ലാസ് റൂമും ഇവിടെ പ്രവർത്തിക്കുന്നുണ്ട് പ്രധാനാധ്യാപിക ഉൾപ്പെടെ 33 സ്ഥിര അധ്യാപകരും 2 താൽക്കാലിക അധ്യാപകരും ഓഫീസ് അറ്റൻഡന്റും ഇവിടെ ജോലി ചെയ്യുന്നു.

# ആമുഖം

വ്യക്തികളുടെ പുരോഗതിയിലൂടെ സാമൂഹ്യ നന്മയാണ് വിദ്യഭ്യാസം എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത്. ഓരോ വ്യക്തിക്കും ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ അവരെ പ്രാപ്തരാക്കണം.

പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗവും കൂടുതൽ ശക്തമാക്കുന്നതിയാണ്. സ്കൂളുകളിൽ അക്കോദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഇതിന്റെ ഫലമായി വിദ്യാലയങ്ങൾ മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. മികവിന്റെ കേന്ദ്രങ്ങളായി വിദ്യാലയങ്ങൾ മാറുന്നു.

ഉയർന്ന അക്കാദമിക നിലവാരമുള്ള ജനാധിപത്യ ബോധവും, സാമൂഹ്യ ബോധവും ജീവിതശേഷികളും മൂല്യങ്ങളും മനോഭാവങ്ങളും എല്ലാമുള്ള ഒരു പുതുതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിക്കപ്പെടുന്നത്

# ദേശസേവ യു.പി.സ്കൂൾ, കണ്ണാടിപ്പറമ്പ്

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ദേശസേവ യു.പി.സ്കൂൾ |
| ഫോൺ | : | 0497 2797050 |
| സ്കൂൾ | : | 13656 |
| വിദ്യാഭ്യാസ ഉപജില്ല | : | പാപ്പിനിശ്ശേരി |
| വിദ്യാഭ്യാസ ജില്ല | : | കണ്ണൂർ |
| റവന്യൂജില്ല | : | കണ്ണൂർ |
| ബി.ആർ.സി | : | പാപ്പിനിശ്ശേരി |
| സി.ആർ.സി. | : | GWLPS ചെറുവാക്കര |
| പ്രാദേശിക ഭരണകൂടം | : | നാറാത്ത് ഗ്രാമപഞ്ചായത്ത് |
| ബ്ലോക്ക് | : | എടക്കാട്, കല്യാശ്ശേരി |
| നിയമസഭ മണ്ഡലം | : | അഴീക്കോട് |
| ലോകസഭ മണ്ഡലം | : | കണ്ണൂർ |
| താലൂക്ക് | : | കണ്ണൂർ |
| വില്ലേജ് | : | കണ്ണാടിപ്പറമ്പ് |
| ഇ-മെയിൽ | : | school13656@gmail.com |
| Udiase code | : | 3202130101 |
| അദ്ധ്യയനം നടത്തുന്ന ക്ലാസുകൾ | : | 1 മുതൽ 7-ാം ക്ലാസ് വരെ, LKG, UKG |
| പ്രധാനാദ്ധ്യാപിക | : | ഇ.കെ. സുനിത |
| അദ്ധ്യാപക ജീവനക്കാരുടെ എണ്ണം | : | എൽ.പി. വിഭാഗം (9)<br>യു.പി.വിഭാഗം (24) |
| അദ്ധ്യാപകേതര ജീവനക്കാരുടെ എണ്ണം | : | 1 |
| ക്ലാസ് മുറികളുടെ എണ്ണം | : | 31 |
| ഹൈടെക് ക്ലാസ് മുറികൾ | : | 5 |
| നിലവിലുള്ള ലാബുകൾ | : | സയൻസ് ലാബ്, സാമൂഹ്യശാസ്ത്ര ലാബ്, IT ലാബ് |
| സ്കൂളിലെ മറ്റ് സൗകര്യങ്ങൾ | : | വിശാലമായ മൈതാനം, സ്വന്തമായി വാഹനം, കുടിവെള്ളസൗകര്യം, ലൈബ്രറി |

# പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാലയം ഹൈടെക് ആകുന്നു
- വിദ്യാലയം സമൂഹത്തിനുവേണ്ടി എന്ന ആശയം പ്രാവർത്തികമാക്കുക
- വിദ്യാലയം പാഠപുസ്തകമായിമാറുന്നു.
- ജനാധിപത്യ മൂല്യങ്ങളെക്കുറിച്ച് ബോധവാൻമാരായ വിദ്യാർത്ഥികൾ സൃഷ്ടിക്കപ്പെടുന്നു . അതിലൂടെ സുസ്ഥിര വികസന കാഴ്ചപ്പാടുള്ള, പരിസ്ഥിതി ബോധമുള്ള, ശുചിത്വബോധമുള്ള ഒരു സമൂഹം സൃഷ്ടിക്കപ്പെടുന്നു.
- വിദ്യാഭ്യാസ രംഗത്തെ വെല്ലുവിളികൾ പരിഹരിക്കപ്പെടുന്നു
- സ്കൂൾ വിഭവങ്ങൾ സമൂഹത്തിന് പ്രയോജനപ്പെടുന്നു.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നു.
- കലാ-കായിക ശേഷികൾ നേടുന്നതിനായി കുട്ടികളെ പ്രാപ്തരാക്കുന്നു.

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതീകം - നേട്ടങ്ങൾ

ആയിരത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിന് ഒരു ഏക്കർ 98 സെന്റ് സ്ഥലം സ്വന്തമായുണ്ട്. എല്ലാവർക്കും ആവശ്യമായ ഇരിപ്പിട സൗകര്യങ്ങളും കുട്ടികൾക്ക് അനുപാതികമായ നിലയിൽ ടോയ്‌ലറ്റ് സൗകര്യങ്ങളും നിലവിലുണ്ട്. ഐ.ടി പഠനം സാധ്യമാകത്തക്ക വിധത്തിൽ 20 കമ്പ്യൂട്ടറുകളോട് കൂടിയ ഒരു കമ്പ്യൂട്ടർ ലാബ് പ്രവർത്തിച്ചു വരുന്നു എം എൽ.എ നൽകിയ എൽ.സി.ഡി പ്രജക്ടറും, കൈറ്റ് ലഭ്യമാക്കിയ 6 പ്രെജക്ടറുകളും അക്കാദമിക പ്രവർത്തനങ്ങൾക്ക് സഹായകമാകുന്നു. ക്ലാസ് മുറികൾ സിമന്റ് തേച്ച് വെള്ള പൂശിയിട്ടുണ്ട്. നാലു ക്ലാസ്മുറികളും, അറ്റാച്ച്ഡ് ടോയ്‌ലറ്റുകളും ഉള്ള ഒരു കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്പോൾ അതിനു മുകളിൽ അതേ രീതിയിലുള്ള ക്ലാസ് മുറികളുടെയും ടോയ്‌ലറ്റുകളുടേയും പണി നടന്നുവരുന്നു. മേൽക്കൂരയുള്ള ഒരു ഓപ്പൺ സ്റ്റേജും നിലവിലുണ്ട്. ഭക്ഷണശാല ടൈൽ ചെയ്ത് നവീകരിച്ചിട്ടുണ്ട്. നാപ്കിൻ ഡിസ്ട്രോയറും, നാപ്കിൻ വെൻഡിംഗ് മെഷീനും സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ക്ലാസ്മുറികളും വൈദ്യുതീകരിക്കുകയും ഫാൻ സൗകര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളിനോടു ചേർന്ന് വിശാലമായ ഒരു മൈതാനം ഉണ്ട്. നിലവിൽ സ്കൂളിന് സ്വന്തമായി 2 വാഹനങ്ങൾ ഉണ്ട്. .

## പരിമിതികൾ:

ലാബുകൾ ലൈബ്രറി, വായനാമുറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല. ശൗചാലയങ്ങൾ ആധുനിക രീതിയിലുള്ളതല്ല. പ്രധാന റോഡിനോടു ചേർന്ന ഈ വിദ്യാലയത്തിന് മുൻവശത്ത് ഒരു ചുറ്റുമതിൽ ഇല്ലാത്തത് ഒരു പ്രധാന പ്രശ്നമായി തുടരുന്നു. വിദ്യാലയ വിദ്യാലയേതര യോഗങ്ങളും മറ്റും നടക്കുന്ന ഈ വിദ്യാലയത്തിൽ ആധുനിക രീതിയിലുള്ള ഒരു ഓഡിറ്റോറിയം അത്യന്താപേക്ഷിതമാണ്. പൊടി പാറുന്ന ചുറ്റുപാടിൽ നിന്നും രക്ഷ നേടാൻ മുറ്റം ഭാഗികമായി ടൈൽ ചെയ്തിട്ടുണ്ടെങ്കിലും ബാക്കി ഭാഗവും ടൈൽ ചെയ്യേണ്ടത് അത്യാവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യപാർക്ക്, ഗണിതപാർക്ക് എന്നിവ നിർമ്മിക്കേണ്ടതും പ്രധാന്യ മർഹിക്കുന്നു. കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനാവശ്യമായ ഭക്ഷണശാല

അത്യാവശ്യമാണ്. പാചകശാലയിലേക്ക് സോളാർ വാട്ടർ ഹീറ്ററും, കുടിവെള്ളത്തിനാവശ്യമായ ടാപ്പോടുകൂടിയ പാത്രങ്ങളും അത്യന്താപേക്ഷിതമാണ്.

**അക്കാദമികം :**

**നേട്ടങ്ങൾ** : പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ ജില്ലയിൽ തന്നെ മുന്നിട്ടു നിൽക്കുന്ന ഒരു വിദ്യാലയമാണ് നമ്മുടേത്. ശാസ്ത്ര - സാമൂഹ്യ ശാസ്ത്ര ഗണിത ശാസ്ത്ര മേളകളിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും വർഷങ്ങളായി ഉന്നതവിജയം നേടിയെടുക്കാൻ നമുക്ക് കഴിയുന്നുണ്ട്. ബാലകലോൽസവം, സംസ്കൃതോൽസവം. അറബിക് കലോൽസവം, എന്നിവയിലും മികച്ച വിജയം കൈവരിച്ചു വരുന്നു. കായികാധ്യാപികയുടെ നേതൃത്വത്തിൽ മികച്ച കായിക പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഗണിത ടാലന്റ് സെർച്ച്. സംസ്കൃത സ്കോളർഷിപ്പ്, ഉറുദു ടാലന്റ് സെർച്ച്. LSS,USS എന്നീ പരീക്ഷകളിൽ ഉയർന്ന വിജയം കരസ്ഥമാക്കി വരുന്നു. വിവിധ വിഷയങ്ങളിലുള്ള ക്വിസ് മൽസരങ്ങളിൽ സബ്ജില്ലാ, ജില്ലാതലത്തിൽ ഉന്നത നിലവാരം പുലർത്തി വരുന്നു. ന്യൂ മാത്സ് പരീക്ഷയിൽ ജില്ലാതലത്തിലേക്ക് അർഹത നേടുന്നുണ്ട് പിന്നോക്കക്കാർക്കായി മലയാളത്തിളക്കം, ശ്രദ്ധ തുടങ്ങിയ പരിപാടികൾ കൂടാതെ എല്ലാ കുട്ടികളും വായനയിലേക്ക് എന്ന ലക്ഷ്യം മുൻനിർത്തി ഘട്ടമായുള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. മധുരം മലയാളം എന്ന പേരിലും പ്രത്യേക പരിപാടി നടന്നുവരുന്നു വിഷയാടിസ്ഥാനത്തിൽ ഗണിതം, ഹിന്ദി പരിഹാര ബോധനക്ലാസുകളും എസ്. ആർ. ജി യുടെ നേതൃത്വത്തിൽ സജീവമായി നടന്നുവരുന്നു. നിരന്തരമായി നടത്തിവരുന്ന സി. പി ടി എ കളിലൂടെ ഇത്തരം പ്രവർത്തനങ്ങൾക്ക് രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു. വിഷയ സംബന്ധിയായ അസംബ്ലികൾ, ഫെസ്റ്റുകൾ, ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ സഹവാസ ക്യാമ്പുകൾ, ശിൽപ്പശാലകൾ തുടങ്ങിയവ അക്കാദമിക് മികവിന്റെ നേർക്കാഴ്ചകൾ ആണ്. വായനയെ പരിപ്പോഷിപ്പിക്കുന്നതിനായി രക്ഷിതാക്കളുടെ സഹകരണത്തോടെ പുസ്തകങ്ങൾ ശേഖരിച്ചു വരുന്നു. അധ്യാപക-രക്ഷാകർതൃ ശിൽപ്പശാലകൾ നടക്കുന്നു. സർഗാത്മകതയെ പരിപ്പോഷിപ്പിക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങളും നടന്നുവരുന്നു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും, സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ തലത്തിൽ ഇ.മാഗസിൻ തയ്യാറാക്കാനുള്ള ശ്രമം നടന്നുവരുന്നു.

**പരിമിതികൾ** : വിവിധ മൽസര പരീക്ഷകളിലെ കുട്ടികളിലെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം. ശാസ്ത്രലാബുകൾ ക്രമീകരിക്കുകയും ആധുനികവൽക്കരിക്കുകയും വേണം. മെച്ചപ്പെട്ട ക്ലാസ് ലൈബ്രറി ഒരുക്കേണ്ടതുണ്ട്. പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനായി എല്ലാ ക്ലാസുകളിലും കബോർഡുകൾ ആവശ്യമാണ്. കലാകായിക പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ അത്തരം അധ്യാപകരുടെ പൂർണ്ണമായ സേവനം അത്യാവശ്യമാണ്, ആവശ്യമായ കളിഉപകരണങ്ങൾ സ്കൂളിന് ലഭ്യമാക്കേണ്ടതുണ്ട്. മൽസരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് പൂർവ്വവിദ്യർത്ഥികൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനം കൂടി ലഭ്യമാക്കേണ്ടതുണ്ട്. ഐ.ടി പഠനം കാര്യക്ഷമമാക്കാൻ കൂടുതൽ ലാപ്ടോപ്പുകളും, പ്രൊജക്ടറുകളും അത്യന്താപേക്ഷിതമാണ്. പൂർവ്വവിദ്യാർത്ഥികളെ സ്കൂളുമായി കൂടുതലായ് അടുപ്പിക്കേണ്ടത് അനിവാര്യമാണ്. കുട്ടികൾക്ക് അവരുടെ കഴിവുള്ള മേഖലയിൽ പരിശീലനം നൽകാനായി വിദഗ്ദ്ധരുടെ സേവനം ആവശ്യമാണ്. പഞ്ചായത്തടിസ്ഥാനത്തിൽ ഇത് ലഭ്യമാക്കേണ്ടതാണ്. എല്ലാക്ലാസ്മുറികളും സ്മാർട്ട് ആകേണ്ടതുണ്ട്.

**പൊതു ലക്ഷ്യങ്ങൾ :**

- വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പൊതുശേഷി കൈവരിക്കൽ.
- മുഴുവൻ കുട്ടികൾക്കും വിവിധ ഭാഷകൾ അനായാസേന കൈകാര്യം ചെയ്യാനുള്ള കഴിവ് കൈവരിക്കൽ.
- സർഗാത്മകവും അക്കാദമിവും കായികവുമായ കഴിവ് പരിപോഷിപ്പിക്കൽ.
- ഓരോ കുട്ടിക്കും കരിക്കുലം വിഭാവനം ചെയ്യുന്ന ആശയ ധാരണകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കൽ.
- ഓരോ കുട്ടിക്കും ICT സാധ്യതകൾ പരമാവധി ലഭ്യമാക്കത്തക്ക വിധത്തിൽ ക്ലാസ്സ് മുറികൾ സജ്ജമാക്കൽ.
- സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്ക് ഉറപ്പിക്കൽ.

- വിദ്യാർത്ഥികളിൽ ശാസ്ത്രബോധം, ജനാധിപത്യബോധം, മതനിരപേക്ഷത വളർത്തിയെടുക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക.
- ആധുനികവും സാങ്കേതികവുമായ ലൈബ്രറി, ക്ലാസ്മുറികൾ എന്നിവ വികസിപ്പിച്ചെടുക്കുക.
- ടാലന്റ് ലാബ് പ്രവർത്തനം കാര്യക്ഷമമാക്കുക.
- ജൈവവൈവിധ്യ പാർക്ക് പഠന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുക.
- ശാരീരിക മാനസിക വെല്ലുവിളികൾ മറികടക്കുന്നതിനായി അനുരൂപീകരിച്ച ഭൗതികസാഹചര്യവും, പഠന സാമഗ്രികളും ഉണ്ടാക്കിയെടുക്കുക.

## മേഖല - ഭാഷ (മലയാളം) L P

| പദ്ധതി (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| വിവിധ ഭാഷകളിൽഎഴുതാനുംവായിക്കാനുമുള്ളകഴിവ് | • പ്രീ.ടെസ്റ്റ്<br>• അക്ഷരക്കാർഡ്, വാക്യ കാർഡ് നിർമ്മിച്ച് വിതരണംചെയ്യൽ.<br>• വർക്ക്ഷീറ്റുകൾ - വാക്കു കൾ, വാക്യങ്ങൾ നിർമ്മിക്കൽ.<br>• അടിക്കുറിപ്പ് (ചിത്രം നൽകി).<br>• കഥപറയൽ (ചിത്രം).<br>• കഥ / കവിതാ പൂരണങ്ങൾ.<br>• കഥാപുസ്തകങ്ങൾവായന.<br>• പദപ്രശ്നം<br>• പദകേളികൾ.<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് ക്ലാസ്സുകൾ , സംയുക്തഡയറിതയ്യാറാക്കൽ<br>• ഭാഷാ ക്യാമ്പുകൾ<br>• രചനോത്സവം<br>• വായനോത്സവം<br>• പഠനോപകരണശില്പശാല<br>• പാട്ടരങ്ങ്<br>• സചിത്ര പുസ്തകം | ജൂൺ - ജൂലൈ<br>ജൂൺ - ജൂലൈ<br>ജൂൺ - സപ്തംബർ<br>ജൂൺ - സപ്തംബർ<br>ജൂൺ - സപ്തംബർ<br>ജനുവരി<br>1 വർഷം | 1. അധ്യാപകർ രക്ഷിതാക്കൾ | 20,000/ |

| | | | | |
|---|---|---|---|---|
| കുട്ടിമികച്ച വായനക്കാരൻ, എഴുത്തുകാരൻ | • ക്ലാസ്സിലൊരു പത്രം(മലയാളം)<br>• ദൈനംദിന വാർത്താവായന, പത്രവാർത്ത ക്വിസ്സ്, വാർത്താ വായനാമത്സരം.<br>• പൊതുവിജ്ഞാന ക്വിസ്സ്എല്ലാ ഭാഷകളിലും<br>• വായനാമൂലശാക്തീകരിക്കൽ, ക്ലാസ്സ്‌വായനാക്കൂട്ടം, എഴുത്തുകൂട്ടം.<br>• സ്കൂൾലൈബ്രറിശാക്തീകരിക്കൽ.<br>• അമ്മ വായന പ്രോത്സാഹിപ്പിക്കൽ<br>• സൗഹൃദബോർഡ്സ്ഥാപിക്കൽ.<br>• നിഘണ്ടുതയ്യാറാക്കൽ<br>• കുട്ടിസൃഷ്ടികളുടെ പുസ്തകപ്രകാശനം. | 1 വർഷം<br>മാസത്തിൽ ഒന്ന്<br>5 വർഷം<br>1 വർഷം | അധ്യാപകർ പി.ടി.എ | 15,000/- |

| പദ്ധതി (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാലാബ് | • ഭാഷാവാർത്തകളും, ഡോക്യുമെൻ്ററികളും സിനിമകളും കാണാനും കേൾക്കാനുമുള്ള അവസരങ്ങൾ ഒരുക്കൽ.<br>• ഭാഷാ ക്യാമ്പ് | ജനുവരി - ഫെബ്രുവരി | അധ്യാപകർ പി.ടി.എ | 3000/- |
| | • കുട്ടികളുടെ സ്കിറ്റവതരണം (യൂണിറ്റ് അടിസ്ഥാനമാക്കി)<br>• ഐ .സി. ടി സാധ്യത പ്രയോജനപ്പെടുത്തൽ.<br>• കുട്ടികൾക്ക് ഇരുന്ന് വായിക്കാനുള്ളമുറി | 5 വർഷം | അധ്യാപകർ പി.ടി.എ | 2000000/- |
| | • ആവശ്യത്തിന് ഫർണിച്ചർ.<br>• ഓഡിയോവിഷ്വൽ ഉപകരണങ്ങൾ<br>• പുസ്തകങ്ങൾ തരംതിരിച്ച് വെയ്ക്കാൻ സൗകര്യം ഉള്ള ഷെൽഫ്. | 3 വർഷം | അധ്യാപകർ രക്ഷിതാക്കൾ, പൂർവവിദ്യാർത്ഥികൾ | 1000 |
| | • പിന്നാക്കക്കാർക്ക് 'മലയാളത്തിളക്കം 'പ്രവർത്തനം കാര്യക്ഷമമാക്കൽ.<br>• രചനോത്സവം<br>• ഭാഷോത്സവം. | ആഗസ്റ്റ് സെപ്റ്റംബർ | അധ്യാപകർ പി.ടി.എ | |

# എൽ.പി.ഇംഗ്ലീഷ്

| പദ്ധതി (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തൽ | • അക്ഷരക്കാർഡ് വാക്യക്കാർഡ് നിർമ്മിച്ച് വിതരണം ചെയ്യൽ.<br>• അടിക്കുറിപ്പ്, കഥപറയൽ, ഇംഗ്ലീഷ് ഫെസ്റ്റ് ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ Love English, Communication, Programme, ഇംഗ്ലീഷ് ക്യാമ്പ്.<br>• റീഡേർസ് തീയേറ്റർ | 3 വർഷം | അധ്യാപകർ രക്ഷിതാക്കൾ, | 5000/- |
| കുട്ടി മികച്ച വായനക്കാരൻ | • വായനാമൂല, അമ്മ വായന, ക്ലാസ്സിലൊരു ഇംഗ്ലീഷ് പത്രം, ഇ-വായന, പിറന്നാളിനൊരു പുസ്തകം, ഇൻസെന്റ് മാസിക | 2 വർഷം | അധ്യാപകർ രക്ഷിതാക്കൾ, | 5000/- |
| നിരന്തര വിലയിരുത്തൽ | • കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ചോദ്യാവലി തയ്യാറാക്കൽ, മൂല്യനിർണയം, പരിഹാരബോധനാ ക്ലാസ്സ് | 2 വർഷം | അധ്യാപകർ | 5000/- |

## എൽ.പി.ഗണിതം

| പദ്ധതി (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ-ടെസ്റ്റ് അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തൽ ചോദ്യാവലി തയ്യാറാക്കൽ മൂല്യനിർണയം എസ്.ആർ. ജി. മനക്കണക്ക് കാര്യക്ഷമമാക്കൽ, രക്ഷിതാക്കൾക്കുള്ള ക്ലാസ്സ് | 2 വർഷം | അധ്യാപകർ പി.ടി.എ | 2000/- |
| ഗണിതത്തിൽ മികവുള്ളവരാക്കുക | • പഠനോപകരണ നിർമ്മാണ ശില്പശാല, ഗണിതക്യാമ്പ്, മാഗസിൻ നിർമ്മാണം ഉപജില്ലാ- ജില്ലാ മത്സരത്തിന് തയ്യാറാക്കൽ ഗണിത കേളികൾ | 1 വർഷം | അധ്യാപകർ എസ്.ആർ ജി | 1000/- |
| ഗണിതലാബ് | • ഗണിത പുസ്തകങ്ങൾ, റഫറൻസ് ബുക്കുകൾ, വർക്കിംഗ് മോഡൽ, ചുമർ ഗണിതചിത്രങ്ങൾ, മെട്രിക് ഉപകരണങ്ങൾ , അബാക്കസ്, ജ്യാമിതിയ രൂപങ്ങൾ, , ടാൻഗ്രാം ക്ലാസിന് അനുയോജ്യമായി ക്രമീകരിക്കൽ | 2 വർഷം | അധ്യാപകർ എസ്.ആർ.ജി | 20000/- |

| പദ്ധതി (ലക്ഷ്യം) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തൽ | • ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം കുട്ടികളുമായി പങ്കുവെക്കൽ, വിദഗ്ദരുടെ ക്ലാസ്സ് ഗണിത കേളികൾ | 1 വർഷം | ക്ലാസ് ടീച്ചർ എസ്. ആർ.ജി | |
| സംഖ്യാബോധം 1 മുതൽ 10000 വരെ | • സംഖ്യാകാർഡുകൾ തയ്യാറാക്കൽ , ഗണിത കിറ്റ് | 3 മാസം | അധ്യാപകർ രക്ഷിതാക്കൾ, | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | • ഗണിതകിറ്റ് ഉപയോഗം മനക്കണക്ക് കാര്യക്ഷമമാക്കൽ, വർക്ക് ഷീറ്റ് ക്ലാസ്സിലൊരു ചന്ത, ഗണിതകേളികൾ, ഗണിതവിജയം പ്രവർത്തനങ്ങൾ | 1 വർഷം | അധ്യാപകർ രക്ഷിതാക്കൾ, | |
| ഗണിതാസ്വാദനം | • പ്രയോഗികപ്രവർത്തനങ്ങൾ - ഗണിതസമസ്യകൾ നൽകൽ, ശില്പശാലകൾ, ക്വിസ്സ് മത്സരങ്ങൾ, കുസൃതിക്കണക്കുകൾ എന്നിവ ആസൂത്രണം ചെയ്യൽ ഐ.ടി.സി സാധ്യത | 1 വർഷം | അധ്യാപകർ എസ്. ആർ.ജി . | |

## അക്കാദമിക് പ്ലാൻ. അറബിക് എൽ.പി

| കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **അറബിക് മധുരം**<br><br>ലക്ഷ്യം<br>അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത്, വായന<br>• ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുന്നു.<br>• ഓരോ കുട്ടിക്കും ഓരോ ടാബ് വീതം നൽകി ഇൻസ്റ്റാൾ ചെയ്ത അക്ഷരഗെയിമുകൾ നൽകുന്നു. അദ്ധ്യാപകന്റെ നേതൃത്വത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br>• പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം ക്ലാസ് നൽകുക. | 2 മാസം | പുസ്തകങ്ങൾ കമ്പ്യൂട്ടർ ലാബ് | ബി.ആർ.സി ഡയറ്റ്, പൂർവ്വ വിദ്യാർത്ഥികൾ |
| | | | | |

| | | | | |
|---|---|---|---|---|
| വായനാലോകം<br>ലക്ഷ്യം<br>• കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ, നല്ല വായനക്കാരനാക്കുക | 1. തിരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരണം (അറബിക് ലൈബ്രറി)<br>**പുസ്തകങ്ങൾ**<br>• ചിത്രകല (അറബിക്)<br>• കഥാപുസ്തകം (അറബിക്)<br>• കുട്ടിക്കവിതകൾ (അറബിക്)<br>• ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>• അറബിക് കിസ്സ്<br>1. ക്ലാസ് വായന<br>• ഓരോ അറബിക് പിരീഡിലും ആദ്യ 5 മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ 1 പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച് ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br>• കൂടുതൽ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക. | 6 മാസം | സ്കൂൾ , ലൈബ്രറി ക്ലാസ്, ലൈബ്രറി പുസ്തകങ്ങൾ | സമാഹരണം<br>• അറബിക് അദ്ധ്യാപകൻ .<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷാ അദ്ധ്യാപകർ<br>• നാട്ടിലെ അറബ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ .<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ.<br>• സർക്കാർ ഫണ്ട് |

| | | | | |
|---|---|---|---|---|
| ആസ്വാദന ലോകം | 1. <u>ആസ്വാദന സഭ:-</u><br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക.<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാവണം.<br><br>2. **കാഴ്ചയും കേൾവിയും**<br>• നേരത്തെ ഡൗൺലോഡ് ചെയ്ത് എടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും L.C.D. പ്രൊജക്ടിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br>ഉദാ:- ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ, ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ് എൽ. സി.ഡി<br><br>കമ്പ്യൂട്ടർ | കമ്പ്യൂട്ടർ ടീച്ചർ |

| | | | | |
|---|---|---|---|---|
| അനുഭവലോകം<br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷാപഠനം ഏറ്റവും സാധ്യമാവുക, ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്. അതിനാൽ അറബി ഭാഷാപഠനത്തിന് ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br>• തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br>• ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ) എൽ.സി.ഡി പ്രൊജക്ടിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ, പാട്ടുകൾ, കഥകൾ, സംഭാഷണങ്ങൾ എന്നിവ കാണാനും കേൾക്കാനും അനുഭവിക്കാനുമുള്ള അവസരം ഒരുക്കുക | 1 മാസം | എൽ.സി ഡയഡി കമ്പ്യൂട്ടർ<br>ലാംഗ്വേജ് ലാബ് | കമ്പ്യൂട്ടർ ടീച്ചർ |
| പദപരിചയം | ഒരു പദം പരിചയപ്പെടൽ അറബിക് അധ്യാപകരുടെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്ക് ശേഷം മുതിർന്ന ക്ലാസിലെ ഒരു | | | |

| | | | | |
|---|---|---|---|---|
| ലക്ഷ്യം:<br><br>അറബിപദസമ്പത്ത് - വർദ്ധിപ്പിക്കൽ | വിദ്യാർത്ഥി ക്ലാസ് നമ്പർ അനുസരിച്ച് ഒരു അറബിപദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു. ക്ലാസ് ലീഡർ മാർ ആ പദം ബോർഡിൽ എഴുതുന്നു. പ്രസ്തുത പദം അറബിക് നോട്ടീസ് ബോർഡിൽ പതിക്കുന്നു. എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുന്നു. മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു. മികച്ചു നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകി പ്രോത്സാഹിപ്പിക്കുന്നു. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് നാട്ടുമരങ്ങളുടെ പേര് അറബിയിൽ മനസിലാക്കുന്നു. | 1 വർഷം | മൈക്ക് | ഹെഡ്മാസ്റ്റർ |
| അറബിക് അസംബ്ലി | • ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>• ചെറിയ വാർത്തകൾ അറബിയിൽ വായിപ്പിക്കുക.<br>• ചെറിയ അറബിക് കുറിപ്പുകൾ വായിപ്പിക്കുക<br>• പുസ്തകം പരിചയപ്പെടുത്തൽ,<br>• സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ<br>അറബിക് ദിനത്തിലോ അല്ലാതെയോ ഒരു ഫുൾഡേ / ഹാഫ്ഡേ അറബിക് ഫെസ്റ്റ് നടത്തുക. | 1 വർഷം | മൈക്ക് | ഹെഡ്മാസ്റ്റർ |

| | | | | |
|---|---|---|---|---|
| | <u>കാര്യപരിപാടികൾ:-</u><br>• ഉദ്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാവതരണം.<br>• തെരഞ്ഞെടുത്ത അറബിക് കവി, സാഹിത്യകാരൻ, പണ്ഡിതൻ, പങ്കെടുപ്പിക്കൽ, ആദരിക്കൽ.<br>• തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി, ആനിമേഷൻ പ്രദർശനം.<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചിത്രം, വികാസം, പ്രാധാന്യം, ഉപരിപഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | 1 ദിവസം | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |
| സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ചിത്രീകരണം/മോണോആക്ട്/ വാർത്താവായന തുടങ്ങിയ ഇനങ്ങൾ പ്രാക്ടീസ് നൽകി അവതരിപ്പിക്കൽ | 1 ദിവസം | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |
| നല്ല എഴുത്ത് ലക്ഷ്യം | അറബി ഭാഷയുടെ തനതായ സൗന്ദര്യ എഴുത്ത് (റാസിഖ്, | | | |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | റുകള) എഴുത്തുകളാണ്.<br>• ഓരോ കുട്ടികൾക്കും പ്രത്യേകവർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ | 1 വർഷം | പുസ്തകങ്ങൾ | |
| ഡിജിറ്റൽ ലോകം<br>ലക്ഷ്യം:<br>എല്ലാ കുട്ടികളും പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീബോർഡ് പഠിക്കൽ, പവർപോയന്റ് പരിചയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസിൽ നിന്ന് തന്നെ കിട്ടികൾ കീബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവ് നേടുകയും ചെയ്യണം.<br>• ആഴ്ചയിൽ ഒരിക്കൽ കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക.<br>• ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക. | 1 വർഷം | കമ്പ്യൂട്ടർ | കമ്പ്യൂട്ടർടീച്ചർ |
| എഴുത്തിന്റെ ലോകം | • ക്ലാസ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനക്കാർഡ് നിർമ്മാണം<br>മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി | | ചാർട്ട് (A4) ഷീറ്റ് കളർ | |

| | | | | |
|---|---|---|---|---|
| | വീണ്ടും ശരിയാക്കി (A4) സൈസിൽ വൃത്തിയായി എഴുതി കളർ നൽകി ലാമിനേഷൻ ചെയ്ത് വായനാകാർഡ് നിർമ്മിക്കുക. | | | |
| മത്സരങ്ങളുടെ ലോകം | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക.<br>1. ക്വിസ്<br>2. പഠനനിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിംഗ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യവായന<br>9. അഭിനയ ഗാനം<br>10. ഖുർആൻ പാരായണം<br>11. പദപ്പയറ്റ്<br>12. പസിൽസ് | 2 ആഴ്ച | മൈക്ക്<br>കളർ | സ്കൂളിലെ മറ്റ് അധ്യാപകർ |
| ദിനാചരണങ്ങൾ | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു.<br>നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു. (ഗ്രൂപ്പ് പ്രവർത്തനം) | 1 വർഷം | | |

# മലയാളം യു.പി

| കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായിക്കാം എഴുതാം<br><br>ഭാഷകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രത്യേക പരിപാടി | എഴുത്ത്, വായന, ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.<br><br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസപ്പെടുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിംഗിൽ അക്ഷരങ്ങൾക്ക് നിറം നൽകി പരിശീലിപ്പിക്കൽ.<br><br>നിശ്ചിത കാലയളവിൽ മധുരം മലയാളം ക്ലാസ് നൽകൽ | 1 മാസം | പുസ്തകങ്ങൾ കമ്പ്യൂട്ടർ | ബി.ആർ.സി ഡയറ്റ്, മുന്നോക്കക്കാരായ കുട്ടികൾ |
| വായനലോകം<br>ലക്ഷ്യം: കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ, നല്ല വായനക്കാരാക്കൽ | വായനാദിനം തൊട്ടാരംഭിക്കുന്ന വിവിധ പ്രവർത്തനങ്ങൾ ആസ്വാദനക്കുറിപ്പ്, ദൃഷ്യാവിഷ്കാരം. തിരഞ്ഞെടുത്ത പുസ്തകങ്ങൾ, കുട്ടിക്കവിതകൾ, സാഹിത്യക്വിസ്, വായിച്ച കഥ, കവിത അവതരണം എല്ലാ ക്ലാസുകളിലും ലൈബ്രറി അത് സൂക്ഷിക്കുന്നതിനുള്ള ഷെൽഫ് | 1 വർഷം | സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, പുസ്തകങ്ങൾ | മലയാള അധ്യാപകർ, ഭാഷാസ്നേഹികൾ, ഓരോ കുട്ടിയും ഓരോ പുസ്തകം സംഭാവന ചെയ്യൽ, പൂർവ്വ വിദ്യാർത്ഥികളിൽ നിന്ന്. |

| | | | | |
|---|---|---|---|---|
| അഭിനയശേഷി | നാടകരചന, അഭിനയിപ്പിക്കൽ | 1 വർഷം | ICT | മലയാള ഭാഷാ, അധ്യാപകൻ |
| ആസ്വാദനം | ആസ്വാദനഗ്രൂപ്പ് പാടാനും പറയാനും കഴിയുന്ന മികച്ച കുട്ടികളെ ആസ്വദിപ്പിക്കാനും അവസരം സൃഷ്ടിക്കാൻ, സാഹിത്യ സമാജം ചേരൽ. മുഴുവൻ വിദ്യാർത്ഥികൾക്കും അവസരം നൽകണം നാടൻ കലാരൂപങ്ങൾ പ്രാദേശിക കലാകാരന്മാരുമായി അഭിമുഖം, കഥാപാത്രങ്ങളുടെ പുനരാവിഷ്കരണം | 1 വർഷം | സ്കൂൾ ഹാൾ, എൽ. സി.ഡി കമ്പ്യൂട്ടർ | കമ്പ്യൂട്ടർ അധ്യാപിക |
| പദപരിചയം പദസമ്പത്ത് വർദ്ധിപ്പിക്കൽ | പദസൂര്യൻ, പദപ്രശ്നം പ്രാർത്ഥനയ്ക്ക് ശേഷം എല്ലാ ദിവസവും കുട്ടികളെ കൊണ്ട് കവിതകൾ, കഥകൾ, ആസ്വാദനക്കുറിപ്പ് എന്നിവ അവതരിപ്പിക്കൽ | 1 വർഷം | സ്കൂൾ ക്ലാസ്മുറി, വീട് | ഭാഷാധ്യാപകർ, രക്ഷിതാക്കൾ, മുന്നോക്കക്കാർ |
| ഭാഷാക്യാമ്പ് | വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിന്റെ ശിൽപ്പശാലകളും ക്യാമ്പുകളും സംഘടിപ്പിക്കുന്നു. സാഹിത്യകാരന്മാരുമായി അഭിമുഖം | 1 വർഷത്തിലൊരിക്കൽ | സ്കൂൾ ഹാൾ, പുസ്തകങ്ങൾ, സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ ഭാഷാ സ്നേഹികൾ |
| സ്കൂൾ വാർഷികം | കാര്യപരിപാടികൾ, ഉദ്ഘാടനം, പ്രവർത്തനങ്ങൾ, അനുമോദനം, വായനാദിനത്തോടനുബന്ധിച്ച് നടത്തിയ മത്സര പ്രസംഗം എന്നിവ അവതരിപ്പിക്കാൻ അവസരമൊരുക്കൽ | 1 വർഷം | സ്കൂൾ | പൂർവ്വ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| നല്ല എഴുത്ത് ലക്ഷ്യം: കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | കോപ്പി എഴുത്ത്, പാഠഭാഗങ്ങൾ നോക്കി എഴുതൽ, കയ്യെഴുത്ത് മാഗസിൻ (ക്ലാസ് തലം) | 1 വർഷം | പുസ്തകങ്ങൾ | ക്ലാസ് അധ്യാപകർ |
| ഡിജിറ്റൽ ലോകം ലക്ഷ്യം: കമ്പ്യൂട്ടർ അധ്യാപികയുടെ സഹായത്തോടെ മലയാളം കീബോർഡ് പരിശീലനം. എഴുത്തിന്റെ ലോകം | കീബോർഡിന്റെ സഹായത്തോടെ മലയാളം വാക്കുകൾ ടൈപ്പ് ചെയ്യാൻ പരിശീലനം നൽകുന്നു. വായനാകാർഡ്, ചുമർപത്രിക, ക്ലാസ് മാസിക എന്നിവയുടെ നിർമ്മാണം | | ചാർട്ട്, കളർ ചിത്രങ്ങൾ സാഹിത്യകാരന്മാരുടെ) | കമ്പ്യൂട്ടർ അധ്യാപിക, ക്ലാസ് അധ്യാപിക. |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## സംസ്കൃതം യു.പി

| അക്കാദമിക ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അക്ഷരജ്ഞാനം, അക്ഷരങ്ങളുടെ എഴുത്തിന്റെ ഘടന വ്യക്തമായി മനസ്സിലാക്കിക്കൊടുക്കുക. വാക്കുകൾ എഴുതുവാനും വായിക്കുവാനും ഉള്ള മികവ് നേടൽ, സ്വന്തമായി വാക്യങ്ങൾ നിർമ്മിക്കൽ | അക്ഷരങ്ങൾ പലനിറത്തിൽ അക്ഷരങ്ങൾ രൂപപ്പെടുത്തുന്നു. അക്ഷരത്തിന്റെ തുടക്കത്തിൽ - മാർക്ക് കൊടുക്കുന്നു. ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. പദസൂര്യനുപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ ICT സാധ്യതകൾ വാക്യങ്ങൾ നിർമ്മിക്കൽ പ്രയോജനപ്രയോജനപ്പെടുത്തി വാക്കുകൾ കേൾപ്പിക്കൽ | 5<br>6<br>5<br>6 | June<br>July<br>aug | | |
| അക്ഷരങ്ങളും അവയുടെ ഘടനയും, വാക്കുകളും തിരിച്ചറിയാനുള്ള കഴിവ് നേടുക | അക്ഷരച്ചാർട്ടുകൾ ഫ്ളാഷ് കാർഡുകൾ എന്നിവ നിർമ്മിക്കാൻ നിർദ്ദേശിക്കുക. ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക | 5<br>6 | | | |
| പദങ്ങൾ, വാക്യങ്ങൾ എന്നിവ സ്വയം നിർമ്മിക്കുവാനും വായിക്കുവാനുമുള്ള ശേഷി നേടുക. | പദസൂര്യൻ, ചിത്രങ്ങൾ, ICT സാധ്യത, ചാർട്ടുകൾ എന്നിവ ഉപയോഗപ്പെടുത്താം. വാക്യങ്ങൾ കേൾക്കാനുള്ള അവസരം | 5<br>6 | | | |
| വായന, സംഭാഷണ ശേഷി നേടൽ | വായനാമത്സരം, സംസ്കൃത സംഭാഷണം, സംസ്കൃത വാർത്താശ്രവണം, ശിൽപശാലകൾ | | Sept<br>October | | |

| | | | | | |
|---|---|---|---|---|---|
| സംഭാഷണ ശേഷി നേടൽ | സംസ്കൃത സംഭാഷണ അവസരമൊരുക്കുക, ലഘുപഠന തന്ത്രങ്ങൾ, ആവിഷ്കരിക്കുക | 5<br>6<br>7 | | | |
| നാടകാവബോധം അഭിനയപാടവം അവതരണപാടവും നാടകരചനാ പാടവം | സംസ്കൃത നാടകം കാണിക്കൽ, നാടകശില്പശാലകൾ സംഘടിപ്പിക്കൽ | 5<br>6<br>7 | | | |
| പഴങ്ങൾ, പച്ചക്കറികൾ നിത്യോപയോഗ വസ്തുക്കൾ എന്നിവ പരിചയപ്പെടുത്തൽ | സംസ്കൃത പ്രദർശിനി ഒരുക്കുക | 5<br>6<br>7 | | | |
| രചനാപാടവം വർദ്ധിപ്പിക്കൽ, കഥ, കവിത, ഉപന്യാസം എന്നിവ രചിക്കാനുള്ള കഴിവുകൾ നേടൽ | കേൾക്കാനുള്ള അവസരം മികച്ച കവിതകളെയും കലാകാരന്മാരെയും ആദരിക്കൽ, കൈയ്യെഴുത്ത്പ്രതി നിർമ്മാണം | 7 | | | |
| ചരിത്രപ്രധാനമായ സ്ഥലങ്ങൾ പരിചയപ്പെടൽ, സംസ്കൃതഗ്രാമം സന്ദർശനം | | | | | |
| കവി ഭാഷ ചരിത്രപ്രാധാന്യമുള്ള വസ്തുതകൾ മനസ്സിലാക്കൽ | ക്വിസ് | | | | |

# Basic Science

| കാര്യക്രമം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രഭിരുചി വളർത്തൽ | • ഓരോ കുട്ടിക്കും സ്വയം പരീക്ഷണം ചെയ്യാനുള്ള സംവിധാനങ്ങൾ ഒരുക്കുക.<br>• ഓരോ കുട്ടിക്കും ശാസ്ത്രോപകരണങ്ങൾ തിരിച്ചറിഞ്ഞ് കൈകാര്യം ചെയ്യാനുള്ള പ്രാപ്തിയുണ്ടാക്കുക.<br>• ഓരോ ക്ലാസിലും ശാസ്ത്ര മൂല ഒരുക്കുക<br>• ഓരോ കുട്ടിക്കും ശാസ്ത്ര കിറ്റ് ഉണ്ടായിരിക്കുക.<br>• ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പുകൾ വായിക്കാനുള്ള അവസരമൊരുക്കുക.<br>• ക്ലാസ് തലത്തിൽ ശാസ്ത്ര മാസികാ നിർമ്മാണം. | 2 വർഷം<br>2 വർഷം<br>1 വർഷം<br>6 മാസം<br>6 മാസം<br>ഓരോ ടേമിലും | ഉപകരണങ്ങൾ, ഫർണിച്ചറുകൾ | SSA അദ്ധ്യാപകർ<br>SSA അദ്ധ്യാപകർ<br>ശാസ്ത്ര ക്ലബ്ബ്<br>ശാസ്ത്രക്ലബ്ബ്<br>അദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| ശാസ്ത്രം സമൂഹ നന്മയ്ക്ക് | • ആവാസ വ്യവസ്ഥകളുടെ സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ<br>• കാർഷിക വിഭാഗങ്ങളുടെ ഉൽപാദനം<br>• ഔഷധത്തോട്ട നിർമ്മാണം.<br>• സ്കൂൾ പരസിരപ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പടരാതിരിക്കാനുള്ള ബോധവൽക്കരണം നടത്തുക.<br>• മദ്യം, മയക്കുമരുന്നിനെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക.<br>• ജൈവവേലി നിർമ്മാണം.<br>• ജൈവപാർക്ക് നിർമ്മാണം: പ്രൊജക്ട് - പുതു തലമുറയുടെ ഭക്ഷണശീലം ആരോഗ്യത്തെ എങ്ങനെ ബാധിക്കുന്നു.<br>• Inspire Award ന് വേണ്ടി കുട്ടികളെ സജ്ജരാക്കുന്നു.<br>• സോപ്പ് നിർമ്മാണം പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ നടത്തുക<br>• ഓരോ ക്ലാസും സ്മാർട്ട് ആക്കുക | 4 വർഷം<br>1 വർഷം<br>1 വർഷം<br>3 വർഷം<br>5 | വിത്തുകൾ, വളങ്ങൾ തൈകൾ | പഞ്ചായത്ത്, അദ്ധ്യാപകർ, രക്ഷിതാക്കൾ, കൃഷിവകുപ്പ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ് പോലീസ് എക്സൈസ്, രക്ഷിതാക്കൾ, കൃഷി വകുപ്പ് SSA<br>രക്ഷിതാക്കൾ പൂർവ്വ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| | • സയൻസ് ക്വിസ് എല്ലാ മാസവും<br>• ശാസ്ത്രമേളകളിലെ പങ്കാളിത്തം<br>• പ്രൊജക്ട് സർവ്വീസ് .<br>• തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക. | വർഷം | | ശാസ്ത്ര ക്ലാസ് |
| ലാബ് ശാക്തീകരണം.<br><br><br><br>ശാസ്ത്ര സമൂഹ നൻമയ്ക്ക | • പരിസ്ഥിതി സൗഹൃദ ലാബ് ഒരുക്കൽ<br>• പ്രവർത്തനാധിഷ്ഠത ലാബ് ഒരുക്കൽ<br>• സ്മാർട്ട് ലാബ്<br>• ലാബിലേക്ക് ആവശ്യമായ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നു<br>• ആവാസ വ്യവസ്ഥകളുടെ സംരക്ഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ<br>• കാർഷിക വിഭാഗങ്ങളുടെ ഉൽപ്പാദനം<br>• ഔഷധത്തോട്ട നിർമ്മാണം.<br>• സ്കൂൾ പരിസരപ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പടരാതിരിക്കാനുള്ള ബോധവൽക്കരണം നടത്തുക.<br>• മദ്യം, മയക്കുമരുന്നിനെക്കുറിച്ചുള്ള ബോധവൽക്ക | 5 വർഷം<br><br>5 വർഷം<br><br><br>4 വർഷം<br><br>1 വർഷം | സ്പെസിമെനുകൾ ഉപകരണങ്ങൾ<br><br><br>വിത്തുകൾ, വളങ്ങൾ, തൈകൾ | SSA പൂർവ്വ വിദ്യാർത്ഥികൾ, മാനേജർ<br><br><br>പഞ്ചായത്ത് അദ്ധ്യാപകർ, രക്ഷിതാക്കൾ, കൃഷിവകുപ്പ് ഹെൽത്ത് ഡിപ്പാർട്ട്മെന്റ് പോലീസ് എക്സൈസ്, രക്ഷിതാക്കൾ, കൃഷ |

| | | | | |
|---|---|---|---|---|
| | ണം നടത്തുക.<br>• ജൈവവേലി നിർമ്മാണം.<br>• ജൈവപാർക്ക് നിർമ്മാണം പ്രൊജക്ട് പുതുതലമുറയുടെ ഭക്ഷണശീലം ആരോഗ്യത്തെ എങ്ങനെ ബാധിക്കുന്നു.? | 1 വർഷം<br><br>3<br>വർഷം | | വകുപ്പ് SSA |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| കുട്ടികളിൽ സാമൂഹ്യ ശാസ്ത്ര അഭിരുചി വളർത്തൽ | • ഓരോ ക്ലാസിലും സാമൂഹ്യശാസ്ത്രമൂല ഒരുക്കൽ.<br>• ഓരോ കുട്ടിയും, ഗ്ലോബ്, ഭൂപടം, അറ്റ്ലസ് എന്നിവയുടെ സഹായത്തോടെ സ്ഥലങ്ങളുടെ സ്ഥാനനിർണ്ണയം നടത്തുന്നതിനുള്ള കഴിവ് നേടൽ .<br>• സാമൂഹ്യ ശാസ്ത്ര ലാബ് ഒരുക്കൽ<br>• സാമൂഹ്യപരിഷ്കർത്താക്കളുടെയും സ്വാതന്ത്ര്യസമരസേനാനികളുടെയും ജീവചരിത്രക്കുറിപ്പുകൾ വായിക്കാനുള്ള അവസരം ഒരുക്കൽ .<br>• ചരിത്രം ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം ബന്ധപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങൾ ഒരു | 3 വർഷം<br><br>5 വർഷം | |

| | | | |
|---|---|---|---|
| | ക്കൽ.<br>• ക്ലാസ് തലത്തിൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കാലിക പ്രാധാന്യമുള്ള സംഭവങ്ങൾ ഉൾപ്പെടുത്തിയും പതിപ്പ് നിർമ്മാണം.<br>• ഓരോ ക്ലാസ്സും ഹൈടെക് ആക്കുക.<br>• വാർത്ത ക്വിസ് എല്ലാമാസവും.<br>• കാലിക പ്രസക്തിയുള്ള വിഷയങ്ങളെക്കുറിച്ച് ചർച്ച<br>• ആൽബം നിർമ്മാണം.<br>• വാർത്താവായന, വാർത്താ ക്വിസ് എന്നിവ നടത്തൽ<br>• സാമൂഹ്യശാസ്ത്ര പ്രദർശനം<br>• ഏകദിനശില്പശാല<br>• നാടൻകളികളിൽ പരിചയപ്പെടൽ | | |
| ജനാധിപത്യബോധം വളർത്തൽ | • ക്ലാസ് ലീഡർ, സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ്, പാർലമെന്റ് യോഗങ്ങൾ, മോക്ക് പാർലമെന്റ്, ഡിജിറ്റൽ ആൽബം, മേക്കിംഗ് ജനപ്രതിനിധികളുമായുള്ള സംവാദങ്ങൾ, സംഘടിപ്പിക്കൽ | 1 വർഷം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഔതികം |
|---|---|---|---|
| സാമൂഹ്യശാസ്ത്രവും സമൂഹവും | • മതസൗഹാർദ്ദ പ്രവർത്തനങ്ങൾ, ഇഫ്താർ സംഗമം, ഓണപ്പരിപാടികൾ,ക്രിസ്മസ് പരിപാടികൾ സംഘടി പ്പിക്കൽ.<br>• യുദ്ധത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ - ( റാലി -പോസ്റ്റർ രചന)<br>• മലിനീകരണ പ്രവർത്തനങ്ങൾ (ബോധ വൽക്കരണ ക്ലാസ്സുകൾ )<br>• പ്രാദേശിക ചിത്രരചന.<br>• ചരിത്ര സ്മാരകങ്ങൾ ശേഖരിപ്പുകൾ, ഫീൽഡ് ട്രിപ്പ്. സർവ്വേ -സെമിനാർ<br>• സാമൂഹ്യശാസ്ത്ര ലാബ് വിപുലീക രണം (ഹൈടെക് ).<br>• സാമൂഹ്യ ശാസ്ത്ര പ്രദർശനം 5,6,7 ക്ലാസ്സുകളിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങൾ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കൽ<br>• നിത്യ ജീവിതത്തിൽ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെ അതിജീവിച്ച് മുന്നേറുന്നതിനാവശ്യമായ നൈപുണികൾ വളർത്തിയെടുക്കുന്ന തിനു വേണ്ടി ക്ലാസ്സ് സംഘടിപ്പിക്കൽ. | 3 വർഷം<br>5 വർഷം | |

## അക്കാദമിക് പ്ലാൻ ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| മധുരം ഹിന്ദി.<br><br>ഹിന്ദിഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുന്ന പരിപാടി | • എഴുത്ത്, വായന ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമുള്ള കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം കൊടുക്കുക.<br>• അക്ഷരച്ചാർട്ട്, ചിത്രങ്ങൾ,അക്ഷരഗെയിമുകൾ നൽകി അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br>• പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിതസമയത്ത് ഹിന്ദി മധുരം ക്ലാസ് നൽകുക. | 2 മാസം | പുസ്തകങ്ങൾ കമ്പ്യൂട്ടർ ടാബ് | ബി.ആർ.സി ഡയറ്റ്, പൂർവ്വ വിദ്യാർത്ഥികൾ<br><br>രക്ഷിതാക്കൾ |
| വായനാ ലോകം<br><br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടു വരൽ. നല്ല വായന | • തിരഞ്ഞെടുത്ത ലളിതമായ ഹിന്ദി പുസ്തകശേഖരം.ഹിന്ദി ലൈബ്രറി പുസ്തകങ്ങൾ.<br>• ഓരോ കുട്ടിയും ഓരോ പുസ്തകം സംഭാവന ചെയ്യൽ. | | സ്കൂൾ ലൈബ്രറി<br><br>ക്ലാസ് ലൈബ്രറി | ഹിന്ദി അധ്യാപകർ<br><br>ഭാഷാസ്നേഹികൾ |

| | | | | |
|---|---|---|---|---|
| ക്കാരനാക്കുക.<br><br>ആസ്വാദന ലോകം | • ചിത്രകഥ,കഥാപുസ്തകം, കുട്ടിക്കവിതകൾ,വിവരണ പുസ്തകം(ഹിന്ദി).<br>• ക്ലാസ് വായന ഓരോ ഹിന്ദി പിരീഡിലും ആദ്യ 5 മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച പുസ്തകം രേഖപ്പെടുത്തി വയ്ക്കുക<br>• ആസ്വാദന സഭ.പാടാനും പറയാനും കഴിവുള്ള മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ ആസ്വാദനസഭ ചേരുക.<br>• കാഴ്ചയും കേൾവിയും .<br>• നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച ഹിന്ദി കഥകളും,പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രൊജക്ടറിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ.<br>• ഹിന്ദി ശിൽപശാല | 6 മാസം | പുസ്തകങ്ങൾ<br><br>സ്കൂൾ ഹാൾ, ലാംഗ്വേജ് ലാബ്, എൽ. സി.ഡി കമ്പ്യൂട്ടർ | അദ്ധ്യാപകർ പി.ടി.എ |

# ഗണിത UP

| | |
|---|---|
| ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തൽ | ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, ഗണിത മാഗസിൻ നിർമ്മാണം, ഗണിത സമസ്യകൾ, ക്വിസ്, ഗണിത കേളികൾ, ഗണിത അസംബ്ലി, കുസൃതി കണക്കുകൾ, ഐ.സി.ടി. പ്രവർത്തനങ്ങൾ, ഗണിത ലാബ്.. |
| ഗണിത ശേഷി വികസനം | ക്ലാസിൽ കച്ചവടം സംഘടിപ്പിക്കൽ ബാങ്ക് പ്രവർത്തനം പരിചയപ്പെടുത്തൽ പിന്നാക്കക്കാർക്ക് ഗണിത ക്ലിനിക് ഉചിതമായ വർക്ക് ഷീറ്റുകൾ നൽകൽ, ബാങ്ക് പ്രവർത്തനം സംഘടിപ്പിക്കൽ |
| ഗവേഷണ താൽപര്യം വർദ്ധിപ്പിക്കൽ | വിദഗ്ദരുടെ ക്ലാസുകൾ<br>സെമിനാറുകൾ<br>പ്രൊജക്ടുകൾ, ശില്പശാലകൾ, ആൽബം തയ്യാറാക്കൽ |
| ഗണിത ശാസ്ത്രത്തിന് സ്വന്തമായി സംഭാവന നൽകൽ | മോഡലുകൾ, പസിലുകൾ, ഗണിതമൂലം തയ്യാറാക്കൽ ശാസ്ത്രമേളകളിലെ പങ്കാളിത്തം |

## മേഖല-കലാ-കായിക പ്രവർത്തിപരിചയം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ കലാഭിരുചി വളർത്തൽ | • ബാലസഭ, സാഹിത്യസമാജം, വിദ്യാരംഗം കലാ സാഹിത്യ വേദി, സ്കൂൾ കലോത്സവം, വാർഷികം, നൃത്തം, സംഗീതം, സംഗീത ഉപകരണങ്ങളിൽ പരിശീലനം | 1 വർഷം | അധ്യാപകർ | |
| കായിക ക്ഷമത ഉറപ്പാക്കൽ | • യോഗാപരിശീലനം, മാസ് ഡ്രിൽ,<br>• ഏയ്റോബിക് പരിശീലനം<br>• സ്പോർട്സ് - ഗെയിംസ് പരിശീലനം<br>• ഫുഡ്ബോൾ കോച്ചിങ്ങ് തയ്ക്കോണ്ട, കരാട്ടേ ഷട്ടിൽ പരിശീലനം<br>• ചെസ്സ് പരിശീലനം | 1 വർഷം സെക്കന്റ് ടേം | കായിക അധ്യാപകർ | |
| വിവിധ മേഖലകളിൽ കുട്ടികൾക്കുള്ള അഭിരുചി കണ്ടെത്തൽ | • ചോക്ക് നിർമ്മാണം<br>• സോപ്പ് നിർമ്മാണം<br>• കുട നിർമ്മാണം<br>• അച്ചാർ നിർമ്മാണം | 1 വർഷം | വർക്ക് എക്സ്പീരിയൻസ് | |
| സ്വാശ്രയ ശീലം വളർത്തൽ | • തുന്നൽ പരിശീലനം<br>• പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് അലങ്കാര വസ്തുക്കളുടെ നിർമ്മാണം | | പി.ടി.എ അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ | |

## വിദ്യാലയവും സമൂഹവും

| പദ്ധതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| നവാഗതർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | • വിദ്യാലത്തയത്തിന്റെ പരിസരമുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ച് കൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, പ്രവേശനോത്സവം | പി.ടി.എ |
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | • പൂർവ്വവിദ്യർത്ഥി സംഗമം<br>• പൂർവ്വാധ്യാപക സംഗമം ഫണ്ട് ശേഖരിക്കൽ | എസ്.എസ്.ജി<br>പി.ടി.എ |
| വിദ്യാലയ സാമൂഹിക ബന്ധം വളർത്തൽ | • ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാസമ്പന്നർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ | എസ്.എസ്.ജി<br>പി.ടി.എ |
| വിദ്യാലയ ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കൽ | • അധ്യാപകരും വിദ്യാർത്ഥികളും ആഴ്ചയിൽ കൈത്തിരി സംഭാവന നൽകൽ.<br>• സാമ്പത്തിക പിന്നോക്കം അനുഭവിക്കുന്ന ഗൃഹം സന്ദർശിക്കൽ.<br>• കൈത്തിരി തുക നൽകൽ | അധ്യാപകർ |

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ പ്രവർത്തനത്തിൽ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പിക്കൽ | • സമൂഹത്തിൽ പുസ്തകശേഖരണം<br>• പിറന്നാളിനൊരു പുസ്തകം<br>• വായനാക്കൂട്ടം/എഴുത്തുകൂട്ടം രചിക്കൽ.<br>• ഇ-വായന പ്രോത്സാഹിപ്പിക്കൽ<br>• വിദ്യാരംഗം കലാസാഹിത്യവേദി സജീവമാക്കൽ<br>• ബാലസഭ/സാഹിത്യസമാജം<br>• സമീപഗ്രന്ഥശാല അംഗത്വം<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പത്രങ്ങൾ പ്രസിദ്ധീകരിക്കൽ<br>• സാഹിത്യ, സാംസ്കാരിക നായകന്മാരുടെ ചിത്രഗാലറി<br>• ആവിഷ്ക്കാരപ്രകടിത രൂപങ്ങൾക്ക് വേദിയൊരിക്കൽ<br>• ക്ലാസ്, സ്കൂൾ ലൈബ്രറി നവീകരണം | ജൂൺ<br>1 വർഷം<br>ഓരോ ടേമിലും | രക്ഷിതാക്കൾ<br>അദ്ധ്യാപകർ | |

## കൃഷി ഒരു സംസ്കാരം

| പദ്ധതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | • വിദ്യാലയത്തിൽ ഒരു പച്ചക്കറി ത്തോട്ടം<br>• വീട്ടിൽ ഒരു പച്ച ക്കറിത്തോട്ടം | എസ്.ആർ.ജി, കാർഷിക ക്ലബ് |

## അധ്യാപക രക്ഷാകർത്തൃ ബന്ധം

| പദ്ധതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | • ക്ലാസ് പി.ടി.എ കൃത്യമായ അജണ്ട യോടുകൂടി പ്രതി മാസം ചേരൽ<br>• പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവ തരണം, പൊതു ചർച്ച | എസ്.ആർ.ജി |
| അധ്യാപക-രക്ഷാകർതൃ ബന്ധം ശക്തമാക്കൽ | • മദർ പി.ടി.എ അധ്യാപകർ എന്നി വർക്ക് സംയുക്ത മായി വിവിധ കലാ പരിപാടികൾ.<br>• ചെറുഗ്രൂപ്പുകൾ, ഗൃഹസന്ദർശനം നടത്തൽ, പി.ടി.എ ശാക്തീകരണം | അധ്യാപകർ , പി.ടി.എ |

## പ്രതിഭാ പോഷണ പരിപാടി

| പദ്ധതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | • എൽ എസ് എസ്,യു എസ് എസ്, പ്രത്യേക പരിശീലന ക്ലാസുകൾ, ദൈനംദിനക്ലാസിൽ മുഴുസമയക്ലാസുകൾ<br>• സമകാലികപ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെ കുറിച്ച് സംവാദം സെമിനാർ, പ്രഭാഷണം തുടങ്ങിയവ സംഘടി പ്പിക്കൽ | എസ്.ആർ.ജി |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ. | • പ്രകടനപത്രിക, പ്രചരണം,, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വെച്ചുള്ള വോട്ടെടുപ്പ് എന്നിവ യിലൂടെ പാർലമെന്റ് രൂപീകരിക്കൽ | സ്കൂൾ പാർലമെന്റ് |
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | • രാവിലെയും വൈകുന്നേരവും കായിക പരിശീലനം | സ്കൂൾ അധ്യാപകർ |
| പാഠ്യേതര പ്രവർത്തനങ്ങളിൽ പരിശീലനം നൽകൽ | • ഫുട്ബോൾ, ചെസ്സ്, ഷട്ടിൽ കരാട്ടേ, തായ്ക്കോണ്ട ചിത്രരചന നൃത്തം സംഗീതം, ചെസ്സ്, കീബോർഡ് നീഡിൽ വർക്ക് തുടങ്ങിയവയിൽ പരി ശീലനം | അധ്യാപകർ<br>പി.ടി.എ |

## ആരോഗ്യപരിപാലനം

| പദ്ധതി | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്താൻ ആരോഗ്യമുള്ള ശരീരം, പഠനത്തിന് അനിവാര്യം | • വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും വൈദ്യപരിശോധന<br>• എല്ലാ ദിവസവും ആരോഗ്യ ക്ലാസ് വ്യത്യസ്ത മെനു വെച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എസ്.ആർ.ജി<br><br>പി.ടി.എ |